Reg. No. : ........................................

Name : ........................................

**SME 08**

# SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2019

## Part – II

## MALAYALAM

Maximum : 80 Scores

Time : 2½ Hours

Cool off Time : 15 Minutes

---

**പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട 2½ മണിക്കൂർ സമയത്തിനു പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം ' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ **ആസൂത്രണം** ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ **ശ്രദ്ധാപൂർവ്വം** വായിക്കണം.
- **എല്ലാ** വിഭാഗത്തിലും **നിർദ്ദേശിക്കപ്പെട്ട** എണ്ണം ചോദ്യങ്ങൾക്ക് മാത്രമേ ഉത്തരം എഴുതേണ്ടതുള്ളൂ.

**Score**

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉചിതമായ ഉത്തരം എഴുതുക. സ്കോർ 2 വീതം.** **(4×2=8)**

**1.** താഴെക്കൊടുത്തിട്ടുള്ളതിൽ പുലിക്കോട്ടിൽ ഹൈദറുടെ കൃതികൾക്ക് ചേരാത്തതായി വരുന്ന പ്രസ്താവന എടുത്തെഴുതുക.

- കേരളീയത
- ഇസ്ലാമിക ചരിത്രത്തിൽ മാത്രം അധിഷ്ഠിതമായ പ്രമേയം.
- മതേതരവും പ്രാദേശികവുമായ പ്രമേയം.
- നാട്ടുഭാഷയ്ക്ക് പ്രാധാന്യമില്ലായ്മ.

**2.** "മൂർഖനാമവനോടു പണ്ഡിതൻ ശുഭാശുഭ –
മാഖ്യാനം ചെയ്താൽ മൂർഖനശുഭം ഗ്രഹിച്ചീടും".
– ഇവിടെ മൂർഖൻ എന്ന വിശേഷണം താഴെപ്പറയുന്നതിൽ ആർക്കൊക്കെ യോജിക്കുന്നു ?

- ദുഷ്യന്തൻ
- സജ്ജനം
- സത്യധർമ്മാദി വെടിഞ്ഞ പുരുഷൻ
- രാജാക്കൻമാർ

Score

3. ''നില്ലാതെ വിഷമങ്ങൾ വല്ലാതെ വന്നു നമു –
ക്കെല്ലാമോർത്താലാരോടു ചൊല്ലുന്നു ഞാനിക്ലേശം.''
– ശീലാവതിയുടെ ക്ലേശത്തിനു കാരണമായി കവി ചൂണ്ടിക്കാണിക്കുന്നതെന്താണ് ?

4. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് നവമാധ്യമങ്ങളുടെ സവിശേഷതയായി ചൂണ്ടിക്കാട്ടാൻ കഴിയുന്ന രണ്ട് പ്രസ്താവനകൾ എടുത്തെഴുതുക.
- ഇരുത്തം വന്ന ഭാഷ
- അറിവുകളും വിവരങ്ങളും തത്സമയം ലഭിക്കുന്നു
- പല തട്ടിലുള്ള എഡിറ്റിങ്
- സ്വതന്ത്രാവിഷ്കാരം നടത്താൻ കഴിയുന്നു

5. ''അവർക്ക് പാകത വരുന്നതിന്റെ തെളിവാണിത്''.
– അയാൾ പറഞ്ഞു – (പ്രകാശം ജലം പോലെയാണ്).
താഴെ തന്നിരിക്കുന്നവയിൽ നിന്ന്, കുട്ടികൾക്ക് പാകത വരുന്നതായി മാതാപിതാക്കൾ തിരിച്ചറിഞ്ഞ രണ്ട് സന്ദർഭങ്ങൾ എടുത്തെഴുതുക.
- അപ്പാർട്ട്മെന്റ് നിറയെ പന്ത്രണ്ടടി പൊക്കത്തിൽ പ്രകാശം നിറച്ചപ്പോൾ
- വർഷാവസാനത്തിൽ രണ്ടുപേരും മാതൃകാ വിദ്യാർത്ഥികളായി വാഴ്ത്തപ്പെട്ടപ്പോൾ
- കുട്ടികൾ അവരുടെ സഹപാഠികൾക്ക് വീട്ടിൽവച്ച് ഒരു പാർട്ടികൊടുക്കണം എന്ന് ആവശ്യപ്പെട്ടപ്പോൾ
- ക്രിസ്തുമസിന് തുഴവള്ളം വേണമെന്ന് കുട്ടികൾ ആവശ്യപ്പെട്ടപ്പോൾ

**6 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക.**
**സ്കോർ 4 വീതം.** **(6×4=24)**

6. ''മാറ്റുവിൻ ചട്ടങ്ങളെ, സ്വയ –
മല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ.''
ദുരവസ്ഥ (കുമാരനാശാൻ)

''മാറ്റുക മാറ്റുക ചട്ടങ്ങളെ, യവ –
മാറ്റും നിങ്ങളെ,യല്ലെങ്കിൽ.''
മോഷണം (അയ്യപ്പപ്പണിക്കർ)

സമൂഹത്തിൽ വേരോടിപ്പോയ പല നിയമങ്ങളും മാറ്റിയെഴുതപ്പെടേണ്ടതുണ്ട് എന്നാണോ പ്രസ്തുത വരികൾ വ്യക്തമാക്കുന്നത് ? കാവ്യഭാഗം പരിശോധിച്ച് നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

7. 'അഗ്നി വർണന്റെ കാലുകൾ' എന്ന നാടകത്തിലെ 'വിദൂഷകൻ' എന്ന കഥാപാത്രത്തെക്കുറിച്ച് അപഗ്രഥനക്കുറിപ്പ് എഴുതുക.

8. ''എവിടെന്റെ കിനാക്കൾ പൂത്തോ –
രിടിമിന്നലു പൂക്കും മാനം,
എവിടെന്റെ തുളസിക്കാടുകൾ,
ഈറൻമുടി കോതിയ സന്ധ്യകൾ.

– കാട്ടാളന്റെ രോദനം നാം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണോ ? കുറിപ്പെഴുതുക.

Score

9. ''ഞാൻ ഇരുന്നതിന് തൊട്ടല്ല മറ്റുള്ളവർ ഇരുന്നിരുന്നത്. അൽപ്പം നീങ്ങിയുള്ള ആ ഇരിപ്പ് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലായി''. – പ്രതിബന്ധങ്ങളെ മറികടക്കാൻ ദൃഢനിശ്ചയത്തിന് കഴിയും എന്നതിന് തെളിവാണോ കലാമണ്ഡലം ഹൈദരലിയുടെ ജീവിതം ? വിശകലനക്കുറിപ്പ് തയ്യാറാക്കുക.

10. ''പ്രിയ വായനക്കാരാ .... ക്ഷമിക്കുക, വികാരം എന്നെയും കീഴടക്കിയിരിക്കുന്നു''.

(വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ)

വൈകാരിക മുഹൂർത്തങ്ങളെ ഹൃദയസ്പർശിയായി ആവിഷ്കരിക്കാൻ ഒരു ഫീച്ചറിന് കഴിയുന്നുണ്ടോ ? പാഠസന്ദർഭത്തെ ആസ്പദമാക്കി വിവരിക്കുക.

11. ''അസംഖ്യം ചിത്രങ്ങളുടെ മുന്നിൽ എന്തു ചെയ്യണമെന്നറിയാതെ ദിവാകരൻ പകച്ചുനിന്നു.'' – ഏറെ മത്സരം നിറഞ്ഞ ഇന്നത്തെ കമ്പോള വ്യവസ്ഥയിൽ ഉപഭോക്താവ് പലപ്പോഴും നിസ്സഹായനാണ്. ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12. കേശിനി വിദഗ്ധയായ ഒരു തോഴിയാണെന്ന് തെളിയിക്കുന്ന സന്ദർഭങ്ങൾ പാഠഭാഗത്തിൽ നിന്നും കണ്ടെത്തി എഴുതുക.

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. സ്കോർ 6 വീതം.** **(4×6=24)**

13. ''കമ്പ്യൂട്ടർ വാങ്ങുകയും ഇന്റർനെറ്റ് കണക്ഷൻ എടുക്കുകയും ചെയ്ത ശേഷമാണ് അയാളുടെ വിശ്വാസങ്ങളിൽ ഇങ്ങനെ ചില മാറ്റങ്ങൾ വന്നു തുടങ്ങിയത്.'' – പ്രസ്തുത സന്ദർഭവുമായി ബന്ധപ്പെടുത്തി സമൂഹത്തിൽ സൈബർ മാധ്യമങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

14. 'കിരാതവൃത്തം' എന്ന കവിതയിൽ കാട്ടാളനിൽ കാണുന്ന അമർഷത്തിന്റെ ഹേതുക്കൾ എന്തൊക്കെയാണെന്ന് കണ്ടെത്തി കുറിപ്പെഴുതുക.

15. സ്കൂളിൽ സംഘടിപ്പിക്കുന്ന നാടൻ കലാവിരുന്നിൽ അരങ്ങേറുന്ന കാക്കാരശ്ശി നാടകത്തിനുവേണ്ടി ഒരു ആമുഖ വിവരണം തയ്യാറാക്കുക.

16. ''അതിശയോക്തിയുടെ ഹസ്താവലംബം കൂടാതെ പരസ്യവും പ്രചാരണവും വളരെ വിരളമാണ്''. ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി ഇന്ന് പരസ്യങ്ങൾ ജനങ്ങൾക്കിടയിൽ സൃഷ്ടിച്ചിരിക്കുന്ന സ്വാധീനത്തെക്കുറിച്ച് വിശകലനം ചെയ്യുക.

17. ''മട്ടുമാറ്റുക, താളംമാറ്റുക, രുചിമാറി
കുട്ടികൾക്കിവ, വേണ്ടവേണ്ടെന്നു പറഞ്ഞിട്ടും
നീയടുക്കളയ്ക്കുള്ളിൽ പുകയിൽ തിടുക്കത്തി–
ലാവതൊക്കെയും വെച്ചുവിളമ്പിയൊരുക്കുന്നു.''

വേണ്ടാത്തവ (സുഗതകുമാരി)

''കഷ്ടം ! അടുക്കളച്ചുവരുകൾക്കുള്ളിൽ
കരിയും പുകയും പിടിച്ചുകിടക്കുന്ന പെണ്ണുങ്ങൾ –
ക്കുപോലും അറിയാമല്ലോ ഇത് !''.

ഗൗളിജന്മം (ഗ്രേസി)

– കാലം എത്രമാറിയാലും സ്ത്രീയുടെ മനസ്സിൽ മമതയുടെയും കരുതലിന്റെയും വറ്റാത്ത ഉറവയുണ്ട്. മുകളിൽ കൊടുത്ത പാഠസന്ദർഭങ്ങളെ അടിസ്ഥാനമാക്കി ഈ പ്രസ്താവന ശരിയാണോ എന്ന് പരിശോധിച്ച് കുറിപ്പെഴുതുക.

Score

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങൾക്ക് തന്നിരിക്കുന്ന കാവ്യഭാഗം വായിച്ച് ഉചിതമായ ഉത്തരം എഴുതുക.**

"ചെറുതുള്ളികൾ ചേർന്നുതന്നെയീ
കരകാണാതെഴുമാഴിയായതും
തരിമണ്ണുകൾ തന്നെ ചേർന്നു നാം
മരുവും നൽപെഴു മൂഴിയായതും

ചെറുതാം നിമിഷങ്ങളും തഥാ
പറവാൻ തക്കവയല്ലയെങ്കിലും
ഒരുമിച്ചവതന്നെയൂക്കെഴും
പുരുഷായുസ്സുകളൊക്കെയാവതും.

ചെറുതെങ്കിലുമമ്പെഴുന്ന വാ –
ക്കൊരുവന്നുത്സവമുള്ളിലേകിടും
ചെറുപുഞ്ചിരിതന്നെ ഭൂമിയെ –
പ്പരമാനന്ദ നിവാസമാക്കിടും.

ചെറുതന്യനുനന്മ ചെയ്ക കൊ –
ണ്ടൊരു ചേതം വരികില്ലയെങ്കിലും
പരനില്ലുപകാരമെങ്കിലീ
നരജന്മത്തിനുമാറ്റുമറ്റുപോം.".

ചെറിയവ (കുമാരനാശാൻ)

(നൽപ് – നന്മ, തഥാ – അപ്രകാരം, അൻപ് – സ്നേഹം, നരജന്മം – മനുഷ്യജന്മം)

18. കവിയുടെ അഭിപ്രായത്തിൽ ഒരു പുരുഷായുസ്സായി മാറുന്നതെന്താണ് ? **(2)**

19. നരജന്മത്തിന്റെ മാറ്റ് നഷ്ടപ്പെട്ടു പോകുന്നത് എപ്പോഴാണ് ? **(2)**

20. ചെറിയവയുടെ കൂടിച്ചേരലാണ് ഏതൊന്നിനും വലുപ്പവും മഹത്വവും നൽകുന്നത് എന്ന് കവി സ്ഥാപിച്ചിരിക്കുന്നത് എങ്ങനെ ? **(4)**

**21 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. സ്കോർ 8 വീതം.** **(2×8=16)**

21. ഗൗളീജന്മം എന്ന കഥയിലൂടെ പ്രത്യക്ഷമാകുന്ന സാമൂഹിക വിമർശനതലങ്ങൾ എന്തെല്ലാം ? വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

22. "ജനകീയ സ്വാധീനം ഏറ്റവും കൂടുതൽ കടന്നു വരുന്ന ഒരു മേഖലയാണ് മാധ്യമങ്ങൾ".
– ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി പരമ്പരാഗത മാധ്യമങ്ങൾക്കും നവമാധ്യമങ്ങൾക്കും ജനങ്ങളുടെ ഇടയിലുള്ള സ്വാധീനശക്തി വിശകലനം ചെയ്യുക.

23. "യാത്രയുടെ അനുഭവം എന്നതിനപ്പുറം സഞ്ചാരസാഹിത്യ കൃതികൾ പകർന്നു നൽകുന്ന സാംസ്കാരിക മൂല്യം ഏറെ വിലപ്പെട്ടതാണ്."

'ബദരിയും പരിസരങ്ങളും', 'യമുനോത്രിയുടെ ഊഷ്മളതയിൽ' എന്നീ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ ഔചിത്യം പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.